**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6099** **17-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ കേന്ദ്ര സർക്കാരിന്റെ ഏതെല്ലാം വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന സംസ്ഥാന സർക്കാരിന്റെ ബദൽ നയത്തിന്റെ ഭാഗമായി, കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി അത് പ്രവർത്തിച്ച് വരികയാണ്. Corporate Insolvency Resolution Plan (CIRP) പ്രകാരം 271.50 കോടി രൂപ നൽകിയാണ് കേരള സർക്കാർ, സ്ഥാപനം ഏറ്റെടുത്തത്. സംസ്ഥാനത്തിന് അകത്ത് നിന്നും മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും വർക്ക് ഓർഡറുകൾ ലഭ്യമാക്കി കമ്പനി പ്രവർത്തന പുരോഗതി കൈവരിച്ച് വരികയാണ്. അടച്ചു പൂട്ടൽ മൂലം തൊഴിൽ രഹിതരായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിന് പുറമെ 650 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.<br><br>ഇതോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിലെ **ഭെൽ - ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്** കമ്പനി, (BHEL-EML) സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി. എച്ച്. ഇ. എൽ.-ന്റെ BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് |

| | | | |
|---|---|---|---|
| | | | പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി കയറ്റുമതി ഓർഡറുകളും ടി സ്ഥാപനം നേടിയിട്ടുണ്ട്. ഇപ്പോൾ 14 ഓഫീസർമാരും 82 തൊഴിലാളികളുമാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. |
| (ബി) | ഇതിനായി സംസ്ഥാന സർക്കാരിന് ചെലവായ തുക എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന സംസ്ഥാന സർക്കാരിന്റെ ബദൽ നയത്തിന്റെ ഭാഗമായി, കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി അത് പ്രവർത്തിച്ച് വരികയാണ്. Corporate Insolvency Resolution Plan (CIRP) പ്രകാരം 271.50 കോടി രൂപ നൽകിയാണ് കേരള സർക്കാർ, സ്ഥാപനം ഏറ്റെടുത്തത്. സംസ്ഥാനത്തിന് അകത്ത് നിന്നും മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്നും വർക്ക് ഓർഡറുകൾ ലഭ്യമാക്കി കമ്പനി പ്രവർത്തന പുരോഗതി കൈവരിച്ച് വരികയാണ്. അടച്ചു പൂട്ടൽ മൂലം തൊഴിൽ രഹിതരായവരിൽ 250 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കുന്നതിന് പുറമെ 650 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്.<br><br>ഇതോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിലെ ഭെൽ - ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കമ്പനി, (BHEL-EML) സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി. എച്ച്. ഇ. എൽ.-ന BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും കേരള സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. പ്രവർത്തന പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി കയറ്റുമതി ഓർഡറുകളും ടി സ്ഥാപനം |

| | | | |
|---|---|---|---|
| | | | നേടിയിട്ടുണ്ട്. ഇപ്പോൾ 14 ഓഫീസർമാരും 82 തൊഴിലാളികളുമാണ് ഈ സ്ഥാപനത്തിൽ ഉള്ളത്. |
| (സി) | ഈ സ്ഥാപനങ്ങൾ ലാഭത്തിലെത്തിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് തുടർന്ന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ? | (സി) | കോട്ടയം ജില്ലയിലെ വെള്ളൂരിലെ കേന്ദ്ര പൊതുമേഖല സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പുനഃസംഘടിപ്പിച്ച് കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ) എന്ന പേരിൽ പുനർ നാമകരണം ചെയ്ത് കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമാക്കി. 2022 ജനുവരി 1ന് പുനഃരുദ്ധാരണപ്രക്രിയ ആരംഭിച്ച് അഞ്ച് മാസം കൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കി. 2022 മെയ് 19ന് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും, 2022 നവംബർ-1 ന് വാണിജ്യാടിസ്ഥാനത്തിൽ ന്യൂസ് പ്രന്റ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു.<br><br>പ്രതിവർഷം അഞ്ച് ലക്ഷം മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള സ്ഥാപനമാക്കി, മൂവായിരത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന, 3000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി കെ.പി.പി.എൽ-നെ വികസിപ്പിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.<br><br>വിവിധ നവീകരണ പ്രവർത്തനങ്ങൾക്കായി കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് ഇതിനോടകം 70 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തു നിന്നുമായി ഏകദേശം 22 ഓളം പത്ര സ്ഥാപനങ്ങളിൽ നിന്ന് ഓർഡറുകൾ ലഭിക്കുകയും ഇതേവരെ 11 കോടി രൂപയുടെ വിറ്റുവരവ് നേടുകയും ചെയ്തു. ഈ സാമ്പത്തികവർഷം അവസാനത്തോടെ 40 കോടി രൂപയുടെ വിറ്റുവരവും പ്രവർത്തനലാഭവും നേടാനാകും എന്ന് പ്രതീക്ഷിക്കുന്നു.<br><br>KEL-EML-നു കയറ്റുമതി ഓർഡർ ഉൾപ്പടെ ഏകദേശം 3 കോടി രൂപയുടെ ഓർഡറുകൾ ഇതിനകം ലഭിച്ചിട്ടുണ്ട്. 10 കോടി രൂപയുടെ ഓർഡറുകൾ കൂടി പ്രതീക്ഷിക്കുന്നു. കമ്പനിയ്ക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 20 കോടി രൂപയും, നടപ്പ് സാമ്പത്തിക വർഷം 6.20 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ